തെൻമല ഡാമിലെ ബോട്ട് ജെട്ടിയിലുള്ള റോഡ്.

77 [3941] *ശ്രീ. കെ. അച്ചുതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെൻമല ഡാമിലെ ബോട്ട് ജെട്ടിയുടെ പണി പൂർത്തീകരിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇതിന്റെ പണി ഏതു ഘട്ടം വരെയായി എന്ന് വെളിപ്പെടുത്താമോ;

(സി) ഈ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി മറ്റു പണികളോട് ചേർത്ത് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെയും പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ ബോട്ടുജെട്ടിയിലേക്കുള്ള റോഡിന്റെയും സംരക്ഷണ ഭിത്തിയുടേയും പണി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാകാത്തതുകൊണ്ട് ആളുകളെ ബോട്ടിലേക്ക് കയറ്റുന്നതിനായി അഞ്ച് കി. മീറ്റർ ദൂരത്തോളം കൊണ്ടുപോകേണ്ടി വരുന്നതിലുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് എത്രയെന്ന് വെളിപ്പെടുത്താമോ;

(ജി) പ്രസ്തുത റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടു വർഷം കഴിഞ്ഞു.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇക്കോടൂറിസം സൊസൈറ്റിയുടെ കീഴിലുള്ള പ്രസ്തുത ജെട്ടിയിലേക്ക് ആകെയുള്ള രണ്ടു കി. മീറ്റർ റോഡിന്റെ ടാറിംഗ് പണി മൂന്നു വർഷം മുൻപ് ചെയ്തുകഴിഞ്ഞതാണ്.

(ഇ)--(ജി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly